467/esc/19

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. എ2–2629/2016/സിഇ/തസ്വഭവ

തീയതി 26/03/2019

# പരിപത്രം

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – തസ്തികകൾ, നിയമനങ്ങൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് / വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്കുള്ള മറുപടി എന്നിവ നൽകുമ്പോൾ നിയമനാധികാരിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രസ്തുത വിവരത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നത് – സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 30.03.2015, 11.05.2017 എന്നീ തീയതികളിലെ എ1–1938/2014/സിഇ/തസ്വഭവ നമ്പർ പരിപത്രങ്ങൾ

ഈ വകുപ്പിലെ തസ്തികകൾ, ഒഴിവുകൾ, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ട് / വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്കുള്ള മറുപടി എന്നിവയിൽ വസ്തുനിഷ്ഠമല്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തി കീഴോഫീസുകളിൽ നിന്നും നൽകുന്നത് നിരവധിയായ കോടതി വ്യവഹാരങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും ഇടയാക്കുന്നത് കണക്കിലെടുത്ത് ടി വിവരങ്ങൾ നൽകുന്നതിന് മുൻപ് നിയമനാധികാരിയുടെ കാര്യാലയത്തിലെ ബന്ധപ്പെട്ട സെക്ഷനുമായി സമ്പർക്കം പുലർത്തി ആയതിന്റെ ആധികാരികത ഉറപ്പുവരുത്തണമെന്ന് മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ടി നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വകുപ്പിലെ തസ്തികകൾ, ഒഴിവുകൾ, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ട് / വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്കുള്ള മറുപടി എന്നിവയുടെ ആധികാരികത കീഴോഫീസുകൾ ചീഫ്എഞ്ചിനീയറുടെ കാര്യാലയവുമായി രേഖാമൂലമോ അല്ലാതെയോ ബന്ധപ്പെട്ട് ഉറപ്പുവരുത്തിയശേഷം മാത്രം നൽകേണ്ടതാണ്. ടി നിർദ്ദേശം ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതും ഏകപക്ഷീയമായി തെറ്റായ വിവരങ്ങൾ നൽകുന്നത് കൃത്യവിലോപമായി കണക്കാക്കുന്നതുമാണ്.

ചീഫ് എഞ്ചിനീയർ

P 377